പതിമൂന്നാം കേരള നിയമസഭ
ഒമ്പതാം സമ്മേളനം
നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1570 14.06.2013- ൽ മറുപടിക്ക്

## സാമൂഹ്യക്ഷേമ പെൻഷനുകൾ

ചോദ്യം | ഉത്തരം

ശ്രീ. കോടിയേരി ബാലകൃഷ്ണൻ

ഡോ. എം.കെ. മുനീർ
(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് ഇപ്പോൾ വിതരണം ചെയ്യുന്ന സാമൂഹ്യ ക്ഷേമ പെൻഷനുകൾ ഏതൊക്കെ; | (എ) | സാമൂഹ്യനീതി വകുപ്പിന്റെ കീഴിലുള്ള ക്ഷേമ പെൻഷനുകൾ വികലാംഗ പെൻഷൻ, അഗതി (വിധവ) പെൻഷൻ, ദേശീയ വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവയാണ്. |
| (ബി) | ഈ പെൻഷനുകളുടെ മാസ തുക എത്ര; | (ബി) | ക്ഷേമ പെൻഷനുകളുടെ പ്രതി മാസ നിരക്ക് ഇപ്രകാരമാണ്.<br><br>വികലാംഗ പെൻഷൻ - 525/-രൂപ<br><br>80%ത്തിനു മുകളിൽ അംഗവൈകല്യമുള്ള വർക്കുള്ള പെൻഷൻ -700/- രൂപ<br>അഗതി (വിധവ) പെൻഷൻ - 525/-രൂപ<br>ദേശീയ വാർദ്ധക്യ കാല പെൻഷൻ - 400/-രൂപ<br>80 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കുള്ള വാർദ്ധക്യകാല പെൻഷൻ - 900/- രൂപ<br>50 വയസ്സിന് മുകളിൽ പ്രായമുള്ള അവിവാഹിത രായ സ്ത്രീകൾക്കുള്ള പെൻഷൻ -525/- രൂപ |
| (സി) | ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് വിതരണം ചെയ്യുന്ന സാമൂഹ്യ ക്ഷേമ പെൻഷനുകളിൽ ഓരോന്നിലും എത്ര മാസത്തെ തുക കുടിശ്ശികയുണ്ട് ; | (സി) | കുടിശ്ശികയില്ല |
| (ഡി) | പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് നൽകാൻ സാധിക്കുമെന്ന് വെളിപ്പെടുത്താമോ? | (ഡി) | ബാധകമല്ല |

R. Vijayan

സെക്ഷൻ ഓഫീസർ